# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-EKM(P6)1231/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 10/10/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-EKM(P6)1231/2023 തീയ്യതി: 10/10/2023

## എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ബിന്ദു എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 10-07-2023 | 19-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-07-2023 | 19-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീജ ഉണ്ണികൃഷ്ണൻ., ഓഡിറ്റ് ഓഫീസർ
പ്രവീൺ ഷേണായ് ജെ.,ഓഡിറ്റ് ഓഫീസർ
വിജു എം.എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ
മേഴ്സി കെ.പി.,സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ബിജു തോമസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സമീന ബി. | സെക്രട്ടറി | 01-04-2022 | 03-10-2022 |
| ശ്രീ.കെ.ടി.സന്തോഷ് | സെക്രട്ടറി | 04-10-2022 | 31-03-2023 |
| ശ്രീമതി.സുനിത എസ്. | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.ജോജി യേശുദാസ് | അസി.എൻജിനീയർ | 01-04-2022 | 15-09-2022 |
| ശ്രീമതി.സൗമ്യ ജി. | അസി.എൻജിനീയർ | 16-09-2022 | 31-03-2023 |
| ഡോ.സീന എൻ.എസ്. | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.,കീച്ചേരി | 01-04-2022 | 23-06-2022 |
| ഡോ.അപ്പു സിറിയക്ക് | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി.,കീച്ചേരി | 24-06-2022 | 31-03-2023 |
| ഡോ.സന്ധ്യമോൾ കെ.ബി. | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.രഞ്ജിത്ത് കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ആതിര എസ്. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 03-01-2023 |
| ശ്രീമതി.പൂർണ്ണിമ ദാസ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 04-01-2023 | 31-03-2023 |
| ശ്രീമതി.ജയ കെ.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്മിത കെ.ബി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ.ശ്രീകാന്ത് ശ്രീധർ | വി.ഇ.ഓ.കുലയറ്റിക്കര സർക്കിൾ | 01-04-2022 | 28-12-2022 |
| ശ്രീമതി.രാജി കെ.ആർ | വി.ഇ.ഓ.കുലയറ്റിക്കര സർക്കിൾ | 29-12-2022 | 31-03-2023 |
| ശ്രീ.അനിൽ കെ.ജോസ് | വി.ഇ.ഓ.ആമ്പല്ലൂർ സർക്കിൾ | 01-04-2022 | 29-08-2022 |
| ശ്രീ.അഭിരാം കെ. | വി.ഇ.ഓ.ആമ്പല്ലൂർ സർക്കിൾ | 30-08-2022 | 31-03-2023 |
| ശ്രീ.ജോർജ് ഇ.യു. | ഹെഡ്മാസ്റ്റർ | 01-04-2022 | 03-07-2022 |
| ശ്രീമതി.സജിത എൻ | ഹെഡ്മിസ്ട്രസ് | 04-07-2022 | 31-03-2023 |
| ശ്രീമതി.രഞ്ജിത രാമദാസ് | കൃഷി ഓഫീസർ | 01-04-2022 | 25-07-2022 |
| ശ്രീ.ബെഷി വി.ജി. | കൃഷി ഓഫീസർ | 26-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | വെള്ളക്കരം കുടിശ്ശിക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | ബാങ്ക് അക്കൗണ്ട് വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | വാർഷിക ധനകാര്യപത്രികയിലെ ലൈഫ് സംസ്ഥാന വിഹിതം നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം | 1-1-5 |
| 7 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നല്കിയ തുക വാർഷിക ധനകാര്യപത്രികയിൽ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല. | 1-1-6 |
| 8 | ഫിക്സഡ് ഡെപ്പോസിറ്റ് തുകയിൽ വ്യത്യാസം | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | ശുചിത്വഭരിതവും ഹരിതാഭവുമായ ആമ്പല്ലൂർ ഗ്രാമം- ഒരവലോകനം | 1-11 |
| 19 | രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-12 |
| 20 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-13 |
| 21 | വസ്തുനികുതി നിർണ്ണയം- നികുതിയിളവ് നൽകുന്നതിന്റെ വിവരങ്ങൾ ചേർക്കേണ്ടതാണ് | 1-14 |
| 22 | വാടക - അപാകതകൾ | 1-15 |
| 23 | മരണപ്പെട്ടവരുടെ ക്ഷേമനിധി പെൻഷനുകൾ ആക്ടീവായി തുടരുന്നു | 1-16 |
| 24 | ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- യഥാസമയം മരുന്നുകൾ ലഭ്യമായില്ല | 1-17 |
| 25 | കിഴങ്ങ് വിള വിത്ത് കിറ്റ് വിതരണം- ഇൻവോയ്സ് പ്രകാരം തുക നൽകിയെങ്കിലും വിത്ത് കിറ്റ് ലഭിച്ചില്ല | 1-18 |
| 26 | ടെണ്ടർ നടപടികൾ മുഖേനയല്ലാതെ പ്രവൃത്തി നിർവ്വഹണം | 1-19 |

| | | |
|---|---|---|
| 27 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-20 |
| 28 | വിവിധ ഫണ്ടുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു | 1-21 |
| 29 | വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്റ്റ് നടപ്പിലാക്കി | 1-22 |
| 30 | ജലജീവൻ പദ്ധതി-പൈപ്പ് ലൈൻ ഇടുന്നതിനായി സ്ഥലം വാങ്ങിയതിന് ഫെയർ വാല്യുവിലും അധികരിച്ച് തുക നൽകി | 1-23 |
| 31 | സ്കൂൾ ബസുകളുടെ വാഹന നികുതിയും ഇൻഷുറൻസും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അടവാക്കിയത് അനുവദനീയമല്ല | 1-24 |
| 32 | വിദ്യാർത്ഥിനികൾക്ക് തായ്ക്കോണ്ടോ പരിശീലനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-25 |
| 33 | ഭീമമായ തുക വെള്ളക്കരം ഇനത്തിൽ കുടിശിക | 1-26 |
| 34 | ഇ-ടെണ്ടർ ഫീസ് - തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല | 1-27 |
| 35 | എസ്.എസ്.എ. വിഹിതം അടവാക്കിയത്-ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല | 1-28 |
| 36 | അസിസ്റ്റന്റ് എഞ്ചിനിയർ ഓഫീസ് വൈദ്യുതീകരണം - ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് അനുവദനീയമായതിലും കൂടുതൽ തുക നൽകി | 1-29 |
| 37 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അസിസ്റ്റന്റ് എഞ്ചിനിയർ ഓഫീസ് വൈദ്യുതീകരണം - ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് അനുവദനീയമായതിലും കൂടുതൽ തുക നൽകി | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30.06.2023 ലെ കമ്മിറ്റി തീരുമാനം 5 പ്രകാരം തയ്യാറാക്കി 03.07.2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആമ്പല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്

തീയതി: 10.10.2023 ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 62 (2) ഇ,എഫ് പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ(key Ratios) ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7218989/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-3534342+14436035+8171963) 19073656/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വെള്ളക്കരം കുടിശ്ശിക വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തിൽ വെള്ളക്കരം കുടിശ്ശികയായി 10138802/- രൂപ 10.03.2023 ലെ 723150ം നമ്പർ ബിൽ പ്രകാരം വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭ്യമായിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല.

1-1-4 ബാങ്ക് അക്കൗണ്ട് വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

അതിദാരിദ്ര്യം മൈക്രോ പ്ലാനിന്റെ ഭാഗമായി പൊതുജനങ്ങളിൽ നിന്ന് സംഭാവന സ്വീകരിക്കുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം ബാങ്ക് അക്കൗണ്ട് ആരംഭിച്ചെങ്കിലും പ്രസ്തുത അക്കൗണ്ട് സംബന്ധിച്ച വിവരം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല(അക്കൗണ്ട് നം 110045310881 ,Canara Bank ,SB General, Rs.5052/-).

1-1-5 വാർഷിക ധനകാര്യപത്രികയിലെ ലൈഫ് സംസ്ഥാന വിഹിതം നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം

2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ RP-40(b) യിൽ SBI LIFE State Share Account ൽ (38068991263)ബാലൻസ് തുകയായി 36,76,625/-കാണിച്ചിരിക്കുന്നു.എന്നാൽ ഇതേ വാർഷിക ധനകാര്യപത്രികയിലെ B-4 ഷെഡ്യൂളിൽ (32010060) Rural Housing-Housing For All-എന്നതിൽ 3035372 രൂപയും കാണിച്ചിട്ടുണ്ട്. രണ്ട് ഹെഡുകളിലെ തുക തമ്മിൽ 641253/-രൂപയുടെ വ്യത്യാസം കാണുന്നു.വിശദീകരിക്കേണ്ടതാണ്.

1-1-6 ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നല്കിയ തുക വാർഷിക ധനകാര്യപത്രികയിൽ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല.

2022-23 സാമ്പത്തിക വർഷം വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 9350000/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യപത്രികയിലെ RP-49 (Payments) ഷെഡ്യൂളിൽ Advance To Implementing Agencies എന്ന ഹെഡിൽ അല്ല പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടുള്ളത്.

1-1-7 ഫിക്സഡ് ഡെപ്പോസിറ്റ് തുകയിൽ വ്യത്യാസം

ഫിക്സഡ് ഡെപ്പോസിറ്റ് തുകയായി വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിൽ Investment General Fund (420800101) ൽ 3868156 രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സ്ഥാപനം ഹാജരാക്കിയ വിവിധ ഫിക്സഡ് ഡെപ്പോസിറ്റ് രസീതുകൾ പ്രകാരം വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ ആകെ മൂല്യം 3935038.00 രൂപയാണ്.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD No.8686/16 | 658615.00 |
| FD No.15720/11 | 499270.00 |
| FD No.670403030001041 | 2243277.00 |
| FD No.0143018801200031 | 533876.00 |
| ആകെ | 3935038.00 |

66882/-രൂപയുടെ വ്യത്യാസം (3935038.00- 3868156.00 =66882) കാണുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-2 ബജറ്റ്

2022-23വർഷത്തെ ബജറ്റ് 22.03.2022 ലെ തീരുമാനം നമ്പർ 1(1) പ്രകാരം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചു. 15.3.23 ൽ 1(1) നമ്പർ തീരുമാനം പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചു.

| ഇനം | ബജറ്റ് പ്രകാരം |
|---|---|
| വരവ് | 281332838 |
| ചെലവ് | 277982838 |

1-3 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19112648.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 51551286.00 |
| ആകെ | 70663934.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 44332297.00 |
| നീക്കിയിരിപ്പ് | 26331637.00 |

ഈ പട്ടികയിൽ പ്ലാൻ ഫണ്ട് വരവ് ചെലവു കണക്കുകൾ ചേർത്തിട്ടില്ല. ആയത് തുടർന്നുള്ള ഖണ്ഡികയിൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായതുക |
|---|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 0 | 13384259 | 13384259 | 12072113 | 1312146 |
| വികസനഫണ്ട്- എസ്.സി.പി | 0 | 6123683 | 6123683 | 5495573 | 628110 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി | 0 | 938 | 938 | 938 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied)ബാങ്ക് | 92283 | 3040581 | 3132864 | 1140387 | 1992477 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied) | 871422 | 4407000 | 5278422 | 4650929 | 627493 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 11174000 | 11174000 | 10369123 | 804877 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 4878000 | 4878000 | 4869032 | 8968 |
| ഐ.സി.ഡി.എസ് | 1781942 | 1217714 | 2999656 | 172726 | 2826930 |
| സമ്പൂർണ്ണ ശുചിത്വം | 27204 | 581 | 27785 | 0 | 27785 |
| ശുചിത്വ മിഷൻ മാലിന്യ സംസ്കരണം | 764715 | 0 | 764715 | 0 | 764715 |
| എസ്.എസ്.എ. | 30200 | 0 | 30200 | 0 | 30200 |
| പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ്(ശുചിത്വ മിഷൻ) | 134127 | 0 | 134127 | 0 | 134127 |
| ബെസ്റ്റ് പഞ്ചായത്ത് അവാർഡ് (320100200) | 160000 | 0 | 160000 | 0 | 160000 |
| ഫ്ളഡ് റിലീഫ് ഗ്രാന്റ്(320100192) | 205540 | 0 | 205540 | 0 | 205540 |
| വിമുക്തി ഗ്രാന്റ് (320100190) | 34950 | 0 | 34950 | 0 | 34950 |
| ലൈഫ്-സ്റ്റേറ്റ് ഷെയർ | 2235372 | 1871253 | 4106625 | 800000 | 3306625 |
| ഹെൽത്ത് ഗ്രാന്റ്(320100202) | 0 | 279563 | 279563 | 276313 | 3250 |
| ഹെൽത്ത് ഗ്രാന്റ്(320100204) | 0 | 159853 | 159853 | 157949 | 1904 |
| സി.എസ്.ആർ.ഫണ്ട്(320500101) | 2211304 | 0 | 2211304 | 2195351 | 15953 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തീകരിച്ചത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 117412064 | 93 | 62786968 | 17 | 39 | 62% |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 318 | 1251807 | 1252125 | 1252120 | 5 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 31417545 | 31417545 | 31417545 | 0 |
| ആകെ | 318 | 32669352 | 32669670 | 32669665 | 5 |

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 14400 | 10 |
| കർഷക തൊഴിലാളി പെൻഷൻ | 6993000 | 686 |
| വിധവ പെൻഷൻ | 9959800 | 962 |
| വാർദ്ധക്യ കാല പെൻഷൻ | 23563200 | 2357 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 3055800 | 295 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 519400 | 51 |

### 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.07.2023 തീയതിയിൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,277/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ത ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട്സ് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യം/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്.

പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകൾ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാല താമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ച് വരുന്നത്. ഓരോ വരവിനത്തിലുമുള്ള ഡിമാന്റുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ ക്യാഷ് ബുക്കിലും ലഡ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റീകൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്. വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട്. സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.10.2022 | 01.4.17 മുതൽ 31.8.22 വരെ | 27.10.2022 |

### 1-11 ശുചിത്വഭരിതവും ഹരിതാഭവുമായ ആമ്പല്ലൂർ ഗ്രാമം- ഒരവലോകനം

ശുചിത്വവും ഹരിതാഭവുമായ കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ കേരളത്തിലെ എല്ലാപഞ്ചായത്തുകളും ഒരു ഹരിത കർമ്മസേന രൂപീകരിക്കണമെന്നും ഓരോ പഞ്ചായത്തും മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഈ ഹരിത കർമ്മസേനയുടെ സജീവ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ച് കൊണ്ട് 15.07.2017 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 2420ാം നമ്പർ ഉത്തരവിനെ അടിസ്ഥാനമാക്കി 2018 ഒക്ടോബർ 2ലെ ഗാന്ധി ജയന്തി ദിനത്തിലാണ് ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച് സംസ്ഥാന സർക്കാർ 22.07.2017 ൽ സ.ഉ. (സാധാ) 2511/2017 തസ്വഭവ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും, പഞ്ചായത്ത് രാജ് വകുപ്പ് 219 എ മുതൽ എക്സ് വരെയും സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് ഗ്രാമപഞ്ചായത്തുകളിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം സജീവമാകുന്നതും, പ്രസക്തമാകുന്നതും.

സംഘാടനം

ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 16 വാർഡുകളിലെ കുടുംബശ്രീ സംഘടനയിൽ പ്രവർത്തിക്കുന്ന രണ്ട് പേർ വീതമടങ്ങുന്ന 32 വനിതകളെ തിരഞ്ഞെടുക്കുകയും ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്കും, വിവിധതരം മാലിന്യ നിർമ്മാർജ്ജനോപാധികൾ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നതിനും, പൊതുജനത്തെ ഉറവിട മാലിന്യ സംസ്കരണത്തിനും പ്രാപ്തരാക്കുവാൻ തക്ക വിധത്തിൽ പരിശീലനങ്ങൾ നല്കിയുമാണ് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയെ വാർത്തെടുത്തിട്ടുള്ളത്. 32 ഹരിതകർമ്മ സേനാംഗങ്ങളെ ഏകോപിപ്പിക്കുന്നതിനായി കൺസോർഷ്യം രൂപീകരിക്കുകയും, 15 പേരടങ്ങുന്ന ഒരു എക്സിക്യൂട്ടീവ് കമ്മറ്റിയും അതിൽ നിന്ന് പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നീ ഭാരവാഹികളേയും തിരഞ്ഞെടുത്ത് അജൈവമാലിന്യം ശേഖരിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്ന് 100രൂപ നിരക്കിലും, എ.പി.എൽ വിഭാഗത്തിൽപ്പെട്ട ഭവനങ്ങളിൽ നിന്നും 50 രൂപ നിരക്കിലും ഫീസായി ഈടാക്കിയാണ് ഗ്രാമമപഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്. പ്രത്യേകമായി യൂണിഫോമും, ഐ.ഡി കാർഡും സേനാംഗങ്ങളുടെ മുഖമുദ്രയാണ്.

വൃത്തിയുള്ള പരിസരം ആരോഗ്യമുള്ള സമൂഹം

വൃത്തിയുള്ള പരിസരം ആരോഗ്യമുള്ള സമൂഹം എന്ന മുദ്രാവാക്യവുമായി പ്രവർത്തിക്കുന്ന ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന പ്രത്യേകമായി തയ്യാറാക്കിയ കലണ്ടർ പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ 7381 ഭവനങ്ങളിൽ നിന്നും 928 സ്ഥാപനങ്ങളിൽ നിന്നും പുറന്തള്ളുന്ന എല്ലാ അജൈവമാലിന്യങ്ങളും എല്ലാമാസവും ശേഖരിക്കുന്നു. കലണ്ടർ പ്രകാരമുള്ള മാലിന്യശേഖരണം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ജനുവരി, ഏപ്രിൽ,ജൂലൈ | പഴയ ചെരിപ്പ്, ബാഗ് |
| ഫെബ്രുവരി,മെയ്യ് ഓഗസ്റ്റ്, നവംബർ | കണ്ണാടി,കുപ്പി,ചില്ല് മാലിന്യങ്ങൾ |
| മാർച്ച്, ജൂൺ,ഡിസംബർ | ഇ-മാലിന്യം (ട്യൂബ് ലൈറ്റ്, സി.എഫ്.എൽ.ബാറ്ററി) |
| ജനുവരി, മാർച്ച്, ജൂൺ, സെപ്തംബർ, ഡിസംബർ | മരുന്ന് സ്ട്രിപ്പുകൾ |
| ഏപ്രിൽ, സെപ്തംബർ | തുണിമാലിന്യം |

മേൽ സൂചിപ്പിച്ച പ്രകാരം ശേഖരിക്കുന്ന മാലിന്യങ്ങൾ ട്രോളി, ഇ-ഓട്ടോ എന്നിവ ഉപയോഗിച്ച് ആദ്യം ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി സ്ഥിതി ചെയ്യുന്ന 11 മിനി എം.സി.എഫുകളിലേക്കും അവിടെ നിന്ന് പഞ്ചായത്തിലെ 9ാം വാർഡിലെ തോട്ടറയിലുള്ള മെയിൻ എം.സി.എഫിലേക്കും, അവിടെ നിന്ന് ആർ.ആർ.എഫിലേക്കും തുടർന്ന് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സർക്കാർ അംഗീകാരമുള്ള മാലിന്യസംസ്കരണ കമ്പനികൾക്ക് തരം തിരിച്ച് നല്കുന്നു. ജൈവമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്നതിനായി ബയോബിൻ, ബയോ കംപോസ്റ്റർബിൻ എന്നിവ വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ടുകളാവിഷ്കരിച്ച് നല്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം തന്നെ 1081 ബയോ കംപോസ്റ്റർബിൻ പ്രോജക്ട് നം എസ് 0006/23 പ്രകാരം ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ട്. കൂടാതെ 75 ബയോഗ്യാസ് പ്ലാന്റുകളും 2 കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാന്റുകളും മാലിന്യ സംസ്കരണത്തിനായി വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് ഇല്ലാത്തതിനാൽ പ്ലാസ്റ്റിക് മാലിന്യം, ഷ്രെഡ് ചെയ്യുന്നില്ല. ആയതിനാൽ തന്നെ റോഡ് നിർമ്മാണ പ്രവർത്തനങ്ങളിൽ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ല.



പ്ലാസ്റ്റിക് ഉപയോഗം.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്ന കാലയളവിൽ അപേക്ഷകരിൽ നിന്ന് 30 മൈക്രോണിൽ അധികരിക്കുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കുന്നില്ലെന്ന് സമ്മതപത്രം എഴുതി വാങ്ങാറുണ്ട്. ഗ്രാമ പഞ്ചായത്തിലെ 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച ബൈലോയുടെ ലംഘനത്തിന് ബാദ്ധ്യസ്ഥരായ വ്യക്തികളിൽ നിന്ന് 10000 രൂപ, (ആദ്യം) 25000 രൂപ (രണ്ടാം തവണ) 50000 രൂപ (തുടർന്ന്) എന്നിങ്ങനെ പിഴ ഈടാക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ നിന്ന് നീക്കം ചെയ്ത മാലിന്യങ്ങൾ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| 2021-22 | ടൺ നിരക്കിൽ | 2022-23 | ടൺ നിരക്കിൽ |
|---|---|---|---|
| റീ സൈക്കിൾബിൽ പ്ലാസ്റ്റിക് | 9.349 ടൺ | റീ സൈക്കിൾബിൽ പ്ലാസ്റ്റിക് | 17.476 ടൺ |
| മൾട്ടി | 18.0858 | മൾട്ടി | 37.858 ടൺ |
| കുപ്പി, ചില്ല് മാലിന്യം | 0 | കുപ്പി, ചില്ല് മാലിന്യം | 7.54 ടൺ |

ഓരോ വർഷവും ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മ സേന ശേഖരിക്കുന്ന അജൈവമാലിന്യത്തിന്റെ നിരക്ക് വർദ്ധിക്കുന്നതായും ഗ്രാമപഞ്ചായത്ത് മാലിന്യങ്ങളിൽ നിന്ന് മുക്തമാകുന്നതായും , ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം ഒഴിവാക്കാനാവാത്തവിധം സ്വീകാര്യതയുള്ളതായി മാറുന്നു.

രേഖകൾ

ഹരിതകർമ്മസേനയുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ക്യാഷ് ബുക്ക്, മിനുട്സ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, യൂസർ ഫീ ഡിമാന്റ് രജിസ്റ്റർ, യൂസർഫീ രജിസ്റ്റർ, റസീപ്റ്റ് ബുക്ക്, ആക്ടിവിറ്റി രജിസ്റ്റർ, അംഗത്വരജിസ്റ്റർ, ക്വാണ്ടിറ്റി രജിസ്റ്റർ-എന്നിവയുടെ സൂക്ഷിപ്പ് ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേനയുടെ പ്രവർത്തനം

സജീവവും അയത്നലളിതമാക്കുന്നു.

വരുമാനം

2023 ജൂണിൽ 100% കളക്ഷൻ നേടുവാൻ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേനയ്ക്ക് കഴിഞ്ഞു. ഓരോ വർഷം കഴിയുന്തോറും സ്വയം പര്യാപ്തയിലേക്ക് കുതിക്കുന്ന പ്രവർത്തനമാണ് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേന കാഴ്ച വെയ്ക്കുന്നത്. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് നേടിയ യൂസർ ഫീയിനത്തിലെ താരതമ്യം താഴെചേർക്കുന്നു.

| വർഷം | കളക്ട് ചെയ്ത യൂസർ ഫീ |
|---|---|
| 2021-22 | 10,86,045 |
| 2022-23 | 30,14,570 |

2021-22 യൂസർ ഫീയിനത്തിൽ നേടിയതിന്റെ 2.5 ഇരട്ടിയാണ് 2022-23 ൽ നിരന്തരമായ പരിശ്രമത്തിലൂടെ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേന കൈവരിച്ചിട്ടുള്ളത്. സർക്കാർ ഹരിതകർമ്മ സേന രൂപീകരിച്ചതിലൂടെ എന്തെല്ലാമാണോ ലക്ഷ്യം വെച്ചിരുന്നത് അത്തരമൊരു അവസ്ഥയിലേക്ക് കുതിക്കുകയാണ് നിലവിൽ ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മ സേന. സർക്കാർ നല്കിയിരുന്ന വയബിലിറ്റി ഗ്യാപ് ഫണ്ടില്ലാതെ പ്രവർത്തിക്കുവാൻ സാധിക്കുന്ന സ്ഥിതിയിലേക്ക് ഇപ്പോൾ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മ സേന എത്തിക്കഴിഞ്ഞു. കൂടാതെ ഇനോക്കുലം വിതരണം, ആർ.ആർ.എഫിൽ പ്ലാസ്റ്റിക് ബെയിലിംഗ് സംരംഭത്തിലൂടെ ഗ്രാമപഞ്ചായത്തിലെ ഹരിതസേനാംഗങ്ങൾ അധിക വരുമാനം നേടുന്നു.

മോണിട്ടറിംഗ്

ഗ്രാമപഞ്ചായത്ത് മെമ്പർമാർ, ഹരിതകർമ്മ സേനയുടെ ഉത്തരവാദിത്വം കൈയാളുന്ന വി.ഇ.ഒ, മറ്റ് പഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവരുടെ മേൽനോട്ടവും എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള ക്യൂ.ആർ കോഡ് വഴിയുള്ള ഹരിതമിത്രം സ്മാർട്ട് ഗാർബേജ് ആപ്പിന്റെ പ്രവർത്തനവും ഹരിതകർമ്മ സേന പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് സുഗമമാക്കുന്നു. കൂടാതെ വരുമാനത്തിലുപരി എന്റെ ഗ്രാമം വൃത്തിയുള്ള ഗ്രാമം എന്ന ഉറച്ച ബോദ്ധ്യമുള്ള സേനാംഗങ്ങളുടെ സമീപനവും ഈയൊരു ഉദ്യമത്തെ മികവുറ്റതാക്കുന്നു.

അംഗീകാരം

എറണാകുളം ജില്ലയിലെ മികച്ച ഹരിതകർമ്മസേന കൺസോർഷ്യത്തിനുള്ള പുരസ്കാരം 2023 ൽ മാർച്ച് 8 ലോക വനിത ദിനത്തിൽ ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയിൽ നിന്ന് ഏറ്റുവാങ്ങി.





ചുരുക്കത്തിൽ ഗ്രാമപഞ്ചായത്തിന്റെ സമസ്ത മേഖലകളിലും ഒരു ശുചിത്വ സംസ്കാരം രൂപപ്പെടുത്തുന്നതിനും, ജൈവാജൈവമാലിന്യമുക്ത ഗ്രാമപഞ്ചായത്തായി ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിനെ മാറ്റുന്നതിൽ ഹരിതകർമ്മസേന വഹിക്കുന്ന പങ്ക് നിസ്തുലവും ശ്ലാഘനീയവുമാണ്. ആയതിന്റെ അംഗീകാരമാണ് എറണാകുളം ജില്ലയിലെ മികച്ച ഹരിതകർമ്മസേന കൺസോർഷ്യത്തിനുള്ള പുരസ്കാരം.

### 1-12 രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ, 2022-23 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ആവശ്യപ്പെട്ടു എങ്കിലും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.7/14.07.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. 5035, 5036, 5038, 5039, 5040, 5041, 5043, 5044, 5045 എന്നീ 9 രസീത് ബുക്കുകൾ ആണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. 2022-23 സാമ്പത്തിക വർഷത്തിൽ എത്ര രസീത് ബുക്കുകൾ സ്റ്റോക്കിൽ ഉണ്ടായിരുന്നു അവയിൽ എത്ര എണ്ണം ആർക്കൊക്കെ വിതരണം ചെയ്തു, അവ ഉപയോഗിച്ച് എത്ര തുക പിരിച്ചെടുത്തു പിരിച്ചെടുത്ത തുക പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയിട്ടുണ്ടോ എന്ന വിവരങ്ങളൊന്നും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

### 1-13 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്തിലെ 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് വിവരങ്ങൾ പരിശോധിച്ചതിൽ, വ്യാപാരസ്ഥാപനങ്ങൾ ചട്ടപ്രകാരമുള്ള ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

വി.ഇ.ഓ. നിർവ്വഹണോദ്യോഗസ്ഥനായുള്ള പ്രൊജക്ട് നമ്പർ 130/2023 പ്രകാരം (പഴം പച്ചക്കറി മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംസ്കരണ യൂണിറ്റ്) 2022-23 വർഷം മംഗള ചിപ്സ് (കെട്ടിട നമ്പർ Xiii/316), ലക്ഷ്മി ഫുഡ്സ് (കെട്ടിട നമ്പർ IV/266) എന്നീ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ലാത്തതായി കാണുന്നതിനാൽ, വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. 9/ 14.07.2023 നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ, ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ പൂർത്തീകരിച്ച് രേഖകൾ ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയം- നികുതിയിളവ് നൽകുന്നതിന്റെ വിവരങ്ങൾ ചേർക്കേണ്ടതാണ്

വസ്തു നികുതി നിർണ്ണയത്തിനായി തെറ്റായ വിസ്തീർണ്ണം സെലക്ട് ചെയ്യുന്നു – ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 30/- രൂപ നിരക്കിലും 100 ച. മീറ്ററിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് ച. മീറ്ററിന് 50/- രൂപ നിരക്കിലും ആണ് വസ്തുനികുതി തീരുമാനിച്ചിരിക്കുന്നത്. എന്നാൽ താഴെ പറയുന്ന 100 ച. മീറ്ററിനു മുകളിലുള്ള, 14 (ARV Annual Rental Value) കെട്ടിടങ്ങൾക്ക് 100 ച. മീറ്റർ വരെയുള്ള കെട്ടിടം എന്ന ഗണത്തിൽപെടുത്തി അടിസ്ഥാന വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | വിസ്തീർണ്ണം ( ച.മീ.) |
|---|---|---|---|
| 1 | 5/32/ | Raju | 141.40 |
| 2 | 5/50/ | Mathew Raju K | 137.73 |
| 3 | 5/565/ | Latheef And Laila | 162.28 |
| 4 | 7/210/B | Akbar M N | 168.16 |
| 5 | 10/293/ | C.P.I.M. Party Office | 135.00 |
| 6 | 11/483/ | Bindu Prince | 162.00 |
| 7 | 13/142/ | Secretary , Keechery SCB. | 122.00 |
| 8 | 15/155/ | Sani Adarsh | 114.72 |
| 9 | 15/181/ | Kanakalatha,Anilkumar | 132.00 |
| 10 | 15/266/ | Varghese | 221.89 |
| 11 | 15/477/ | A M Sidheek | 153.65 |
| 12 | 16/285/ | President,Secretary, Pattarya Samajam. | 105.00 |
| 13 | 16/288/ | Secretary, Pattarya Samajam. | 195.76 |
| 14 | 16/289/ | Secretary, Pattarya Samajam. | 105.00 |

സഞ്ചയ സോഫ്റ്റ്‌വെയറിൽ തെറ്റായ വിസ്തീർണ്ണം സെലക്ട് ചെയ്ത് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ARV (Annual Rental Value) കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകുന്നു എങ്കിൽ ആയതിന്റെ വിവരങ്ങൾ സഞ്ചയ രേഖപ്പെടുത്തലുകളിൽ വ്യക്തമാക്കേണ്ടതാണ്. മേൽപറഞ്ഞിരിക്കുന്ന ARV കെട്ടിടങ്ങൾക്ക് വസ്തു നികുതി തുകയുടെ വർദ്ധനവിനുള്ള പരിമിതി വിവരങ്ങൾ ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തിയിട്ടില്ല. താഴെ ചേർത്തിരിക്കുന്ന വിധത്തിലാണ് സോഫ്റ്റ്‌വെയർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നത്.

| വസ്തു നികുതി തുകയുടെ വർദ്ധനവിനുള്ള പരിമിതി | |
|---|---|
| (എ) നിലവിലുള്ള നികുതി (തുക) | XX |
| (ബി) വസ്തുനികുതി വർദ്ധനവ് (തുക) | 0 |
| (സി) വർദ്ധനവ്(%) | 0 |
| (ഡി) ഉയർന്ന പരിമിതി (തുക) | 0 |
| (ഇ) താഴ്ന്ന പരിമിതി (തുക) | 0 |

മേൽ വിവരങ്ങൾ (Data) രേഖപ്പെടുത്തിക്കൊണ്ട് ചട്ടപ്രകാരമുള്ള ഇളവുകൾ അർഹതയുള്ളവർക്ക് നൽകാമെന്നിരിക്കെ ഇത്തരത്തിൽ തെറ്റായ നികുതി നിരക്ക് സെലക്ട് ചെയ്തിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നു.

വാണിജ്യാവശ്യത്തിനുള്ള, നിലവിലുണ്ടായിരുന്ന മേൽ 14 കെട്ടിടങ്ങളുടെ നികുതി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം പുനർനിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ എന്ന വിവരവും ഘടനാപരമായ മാറ്റം വന്നിട്ടുള്ളവയ്ക്ക് ആയത് പ്രകാരം വസ്തുനികുതി പുനർനിർണ്ണയിക്കപ്പെട്ടിട്ടുണ്ടോ എന്ന വിവരവും ഓഡിറ്റിനായി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (8/14.07.2023) നൽകിയതിന് ലഭ്യമാക്കിയ മറുപടിയിൽ, നിലവിൽ നിബന്ധനകൾ പാലിച്ചുകൊണ്ടാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങൾ തെറ്റായ ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്, IKM സഞ്ചയ സോഫ്റ്റ്‌വെയറിൽ മാറ്റങ്ങൾ വരുത്താൻ ഓപ്പൺ ആകുന്ന മുറയ്ക്ക് പരിഹരിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. IKM ൽ ആവശ്യപ്പെട്ട്, മേൽ അപാകതകളും സമാനമായ മറ്റ് അപാകതകളുണ്ടെങ്കിൽ ആയവയും എത്രയും വേഗം പരിഹരിച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-15 വാടക - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/15.07.2023) ലഭ്യമാക്കിയ മറുപടി പരിഗണിച്ചുകൊണ്ടാണ് പരാമർശം ഉൾപ്പെടുത്തിയിരിക്കുന്നത്.

1). 27.01.2023 ലെ 20 (1) നമ്പർ കമ്മറ്റി തീരുമാനം പ്രകാരം, ഗ്രാമപഞ്ചായത്തിലെ V/50 P നമ്പർ കടമുറി, Pride And Power Solutions എന്ന സ്ഥാപനത്തിന് 2023 ഫെബ്രുവരി മുതൽ ആറ് മാസത്തേക്ക് വാടകരഹിതമായി നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വാടകരജിസ്റ്ററിൽ ടി കടമുറി ഉൾപ്പെടുത്തിയിട്ടില്ല. ആറ് മാസക്കാലയളവ് തീരുന്ന മുറയ്ക്ക് വാടക ഈടാക്കുന്നതിന് എന്ത് നടപടിയാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിരിക്കുന്നതെന്ന വിവരം, വാടകരജിസ്റ്ററിൽ ടി കടമുറി ഉൾപ്പെടുത്താതിരിക്കുന്നതിന്റെ കാരണം, ഇപ്രകാരം വാടകരജിസ്റ്ററിൽ ഉൾപ്പെടുത്താത്ത കടമുറികളുടെ വിവരങ്ങൾ എന്നിവ ആവശ്യപ്പെട്ടതിന് V/50 P നമ്പർ കടമുറി, വാടകരജിസ്റ്ററിൽ ചേർക്കാൻ വിട്ടുപോയതാണെന്നും ആയത് അടുത്ത സാമ്പത്തിക വർഷം പരിഹരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ടി കെട്ടിടം 2023 ജൂലൈ വരെയാണ് വാടകരഹിതമായി നൽകിയിരിക്കുന്നതെന്നും ടി കാലയളവിനു ശേഷം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് അനുസൃതമായി ലേലം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിലെ 41 കടമുറികൾ വാടകയ്ക്ക് നൽകിയതിന്റെ വിവരങ്ങളാണ് വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ എത്ര ഷോപ്പിംഗ് കോംപ്ലക്സുകൾ ഉണ്ട് എന്നും അവയിൽ എത്ര/ഏതെല്ലാം കടമുറികൾ ഉണ്ടെന്നും എത്ര/ഏതെല്ലാം കടമുറികൾ വാടകക്ക് നൽകിയിട്ടുണ്ടെന്നുമുള്ള വിവരം വാടകരജിസ്റ്ററിന്റെ ഇൻഡക്സിൽ ഉൾപ്പെടുത്തി വിവരങ്ങൾ ചേർത്തിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3) 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ ചട്ടം 7(1) പ്രകാരം വ്യാപാരാവശ്യങ്ങൾക്കായി പഞ്ചായത്തിന് കെട്ടിടങ്ങൾ നിർമ്മിക്കാവുന്നതും നിയമവും ചട്ടങ്ങളും പ്രകാരം ഈ ആവശ്യത്തിനായി പഞ്ചായത്ത് രൂപീകരിക്കുന്ന ബൈലോയിലെ നിബന്ധനകൾക്കനുസൃതമായി പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് ഈടാക്കി ലൈസൻസിന്മേൽ വാടകക്കോ പാട്ടത്തിനോ നൽകാവുന്നതാണ്. ചട്ടം 7(2) പ്രകാരം കെട്ടിടമോ മുറിയോ കൈവശം വെയ്ക്കുന്നതിനുള്ള നിബന്ധനകളും ഫീസും തുക ഒടുക്കുന്നതിനുള്ള നടപടി ക്രമവും ലൈസൻസിൽ സൂചിപ്പിക്കേണ്ടതാണ്. ചട്ടത്തിലെ ഫോറം III ലെ നിബന്ധനകൾക്കനുസൃതമായി മതിയായ മൂല്യമുള്ള സ്റ്റാമ്പ് പേപ്പറിൽ എഗ്രിമെന്റ് ചമക്കേണ്ടതാണ്. എന്നാൽ ഏതാനും വാടകക്കാരുമായി എഗ്രിമെന്റ് ചമച്ചതിന്റെ രേഖകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. ആയതിനാൽ ഏത് മാനദണ്ഡ പ്രകാരമാണ് കടമുറികൾ വാടകക്ക് നൽകിയതെന്ന് വ്യക്തമല്ല. വാടക എഗ്രിമെന്റുകൾ, വാടക സംബന്ധിച്ച കമ്മിറ്റി തീരുമാനങ്ങൾ, വാടക നിരക്ക് നിശ്ചയിച്ച രേഖകൾ, ബൈലോ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

4) വാർഷിക ധനകാര്യ പത്രിക B15 ഷെഡ്യൂൾ Rent Receivables From Buildings ഹെഡ് പ്രകാരം 90,634.00 രൂപ Arrear ഇനത്തിൽ ലഭിക്കാനുണ്ട്. ആയത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-16 മരണപ്പെട്ടവരുടെ ക്ഷേമനിധി പെൻഷനുകൾ ആക്ടീവായി തുടരുന്നു

ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിലെ മരണറിപ്പോർട്ടുകൾ (2022-23) ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ മരണപ്പെടുന്നവരുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഷൻ നടപടികൾ കൃത്യമായി നടപ്പിലാക്കി വരുന്നതായി കാണുകയുണ്ടായി. എങ്കിലും ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടവരുടെ കൃഷിവകുപ്പ് പെൻഷൻ, ക്ഷേമനിധി ബോർഡ് പെൻഷൻ എന്നിവ നിലവിൽ ആക്ടീവായി തുടരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് /മരണ രജിസ്ട്രേഷൻ നമ്പർ | ആധാർ നമ്പർ | മരണപ്പെട്ട തീയതി | ആക്ടീവായി തുടരുന്ന പെൻഷൻ |
|---|---|---|---|---|
| 1 | ജോസ് എ.കെ. -158/22 | 588676880494 | 16.10.2022 | കൃഷി വകുപ്പ് പെൻഷൻ ( കൃഷി ഓഫീസ്, ആമ്പല്ലൂർ) Pen ID 2220306060 |
| 2 | പുരുഷോത്തമൻ - 163/22 | 538483690416 | 28.10.2022 | കേരള ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ Pen ID 2090046025 |
| 3 | സരോജിനി - 8/23 | 679850913405 | 02.01.2023 | കേരള ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡ് പെൻഷൻ Pen ID 2090059423 |

വിഷയം ബന്ധപ്പെട്ട വകുപ്പ്/ക്ഷേമനിധി ബോർഡിനെ അറിയിച്ചിട്ടുണ്ടോ എന്ന വിവരം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നം. (14/16.07.2019) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- യഥാസമയം മരുന്നുകൾ ലഭ്യമായില്ല

ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്ട് നടപ്പിലാക്കിയിരിക്കുന്നത് ആയുർവേദ മെഡിക്കൽ ഓഫീസർ ആണ്. താഴെ പറയും പ്രകാരം 3,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | S0021/23 |
| അടങ്കൽ, ഫണ്ട് | 3,00,000/- (മെയിന്റനൻസ് ഫണ്ട്-റോഡിതരം) |
| ചെലവ് | 3,00,000/- |
| ബിൽ നം./തീയതി | 22110652013700393481/06.08.2022 |
| നിർവഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,ആയുർവേദം |

ഹോംകോ ആലപ്പുഴയുടെ ഇൻവോയ്സ് നമ്പർ LF-186 Dt.05/06/2023 പ്രകാരം 1,63,359/- രൂപയുടെ മരുന്നുകൾ മാത്രമാണ് പ്രൊജക്ട് പ്രകാരം നാളിതുവരെ ലഭ്യമായിട്ടുള്ളത്. ബാക്കി 1,36,641/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം. 5/14.07.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി രേഖകൾ ഹാജരാക്കുന്നതുവരെ 1,36,641/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
06.08.2022 ന് തുക നൽകിയതിനുശേഷം ഒരു വർഷം കഴിഞ്ഞിട്ടും മരുന്നുകൾ ലഭ്യമാകാതെ ഡിസ്പെൻസറി പ്രവർത്തിച്ചു വരുന്നതായാണ് കാണുന്നത്. മുൻ വർഷങ്ങളിലും ഇത്തരത്തിൽ കാലതാമസത്തിലാണ് മരുന്നുകൾ ലഭ്യമായിട്ടുള്ളത് എന്നതിനാൽ മരുന്നു വാങ്ങലിനായി വർഷം തോറും വകയിരുത്തുന്ന തുക ആവശ്യത്തിലധികമാണോ എന്നത് പരിശോധിച്ച് ആവശ്യമെങ്കിൽ ക്രമീകരിക്കാവുന്നതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

1-18 കിഴങ്ങ് വിള വിത്ത് കിറ്റ് വിതരണം- ഇൻവോയ്സ് പ്രകാരം തുക നൽകിയെങ്കിലും വിത്ത് കിറ്റ് ലഭിച്ചില്ല

കൃഷി ഓഫീസർ നടപ്പിലാക്കിയ, വനിതകൾക്ക് കിഴങ്ങ് വിള വിത്ത് കിറ്റ് വിതരണം എന്ന പ്രൊജക്ടിൽ, താഴെ പറയും പ്രകാരം 66,936/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം/ പേര് | 266/2022-23/വനിതകൾക്ക് കിഴങ്ങ് വിള വിത്ത് കിറ്റ് വിതരണം |
| ഫണ്ട്, അടങ്കൽ | വികസന ഫണ്ട് (ജനറൽ)<br>66,936/- |
| ചെലവ്-<br>ബിൽ നം. തീയതി | 66,936/-<br>22110600000008140/29.03.2023 |
| നിർവഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, ആമ്പല്ലൂർ. |

മേൽ പ്രൊജക്ട് രേഖകൾ പരിശോധിച്ചതിൽ, പദ്ധതിക്കായി 66,936/-രൂപ, VFPCKയ്ക്ക് Invoice No. EKM 2223/PI1302/തീയതി 17.03.2023 പ്രകാരം നൽകിയെങ്കിലും ഇൻവോയ്സ് പ്രകാരമുള്ള കിറ്റുകൾ ലഭ്യമാകാത്തതിനാൽ ഗുണഭോക്താക്കൾക്ക് വിതരണം നടത്താൻ സാധിച്ചിട്ടില്ല. VFPCK യുടെ 32209333005 എന്ന അക്കൗണ്ട് നമ്പരിലേക്കാണ് തുക നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 6/16.07.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കി. സാമ്പത്തിക വർഷാവസാനം പഞ്ചായത്ത് കമ്മറ്റി നിർദേശ പ്രകാരം ടി പ്രൊജക്ട് ഏറ്റെടുക്കുകയായിരുന്നുവെന്നും തുടർന്ന് കിഴങ്ങ് വിള കിറ്റ് സമയബന്ധിതമായി എത്തിച്ചു തരാമെന്നുള്ള ഉറപ്പിന്മേൽ 66,936/-രൂപയുടെ ഇൻവോയ്സ് VFPCK യിൽ നിന്നും ലഭ്യമാക്കി ട്രഷറിയിൽ നൽകി തുക ചെലവഴിച്ചു എന്നും സാമ്പത്തിക വർഷാവസാനം പദ്ധതി വിഹിതം ലാപ്സായി പോകാതിരിക്കാനാണ് ഇപ്രകാരം ചെയ്തതെന്നും എന്നാൽ പിന്നീട് കിഴങ്ങ് വിള വിത്തിന് ദൗർലഭ്യം നേരിട്ടതിനാൽ VFPCKക്ക് കിറ്റ് എത്തിച്ച് വിതരണം നടത്താൻ സാധിച്ചില്ല എന്നുമാണ് കൃഷി ഓഫീസർ മറുപടിയിൽ വ്യക്തമാക്കിയത്. VFPCK യിൽ നിന്നും കിഴങ്ങ് വിള കിറ്റ് ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും വിതരണ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്. രേഖകൾ ലഭ്യമാക്കുന്നതു വരെ കിഴങ്ങ് വിള കിറ്റിന് നൽകിയ തുകയായ 66,936/-രൂപ തടസപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി തുക നൽകുന്നതിനൊപ്പം തന്നെ ഇൻവോയ്സ് പ്രകാരമുള്ള സാധനങ്ങൾ ലഭ്യമാക്കി വിതരണം നടത്തുന്നതിന് തുടർന്ന് ശ്രദ്ധിക്കേണ്ടതാണ്.

1-19 ടെണ്ടർ നടപടികൾ മുഖേനയല്ലാതെ പ്രവൃത്തി നിർവ്വഹണം

| | |
|---|---|
| പ്രോജക്റ്റ് നം. | S240/23 |
| പ്രോജക്റ്റിന്റെ പേര് | ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ |
| അടങ്കൽ | 2,76,313/-, സി.എഫ്.സി- ഹെൽത്ത് ഗ്രാന്റ് |
| ചെലവ് | ബിൽ നം.20/22-23, തീ.13.02.2023 ,തുക-56,520/- ബിൽ നം.22/22-23, തീ.04.03.2023, തുക-1,12,386/- ബിൽ നം.24/22-23, തീ.17.03.2023, തുക- 1,07,407/- ആകെ ചെലവ്- 2,76,313/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.,കീച്ചേരി |

പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്തിന് കേന്ദ്ര ധനകാര്യ കമ്മീഷൻ ആരോഗ്യ മേഖല ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഗ്രാന്റ് വിനിയോഗം സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 31.08.2022 ലെ സർക്കാർ ഉത്തരവ് (സാധാ) നം 2132/2022 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ക്രമ നം 2.3 സ്കീം 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ-4 (li) ൽ ഉപകരണങ്ങൾ, റീയേജന്റ് കിറ്റ് എന്നിവ സൂക്ഷിക്കുന്നതിനുള്ള സജ്ജീകരണം ഏർപ്പെടുത്തുന്നതിന് തുക ചെലവഴിക്കാമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതനുസരിച്ച് സ്ഥാപനത്തിൽ ചുവടെ ചേർക്കുന്നതു പ്രകാരം, സ്റ്റോറേജ് സൗകര്യങ്ങൾ ARTCO.LTD, തമ്പാനൂർ, തിരുവനന്തപുരം, എന്ന സ്ഥാപനം മുഖേന ടെണ്ടർ നടപടികൾ കൂടാതെ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനു ചെലവായ തുക 17.03.2023 ലെ ബിൽ നം.24/22-23 പ്രകാരം 107407/-രൂപയിൽ ലിമിറ്റ് ചെയ്ത് ARTCO യ്ക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം | ഇനം | നല്കിയ തുക |
|---|---|---|
| 1 | Wall Cupboard-UsingAluminium Sections 211 Cm*48cm- 2Nos | 10725.20 |
| 2 | Storage Using Good Quality Prelaminated MDF-200*70*40cm | 25336.72 |
| 3 | Wall Cupboard-Using Good Quality Prelaminated MDF-170*60cm, 100*60cm | 29318.21 |
| 4 | Storage Using Good Quality Prelaminated MDF-200*120*45cm With Sliding Glass Door | 43434.38 |
| 5 | Delivery Charge | 1087.00 |
| ആകെ | | 109901.51 |

മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ ചേർത്തിട്ടുള്ള പരാമർശങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണ്.

1) എൽ.എസ്.ജി.ഡി.അസി.എഞ്ചിനീയറുടെ വാല്യുവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അല്ല തുക നൽകിയിട്ടുള്ളത്.

2) പ്രവൃത്തി ARTCO യെ ഏൽപ്പിച്ചു കൊണ്ടുള്ള ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം ലഭ്യമാക്കിയിട്ടില്ല.

3) 25-07-2017 ലെ ജി.ഒ(പി) നം.95/2017/ധന. നമ്പർ ഉത്തരവിൽ 'അക്രഡിറ്റേഷൻ ഉത്തരവുകളിൽ എൻലിസ്റ്റ് ചെയ്തിട്ടുള്ള ഏജൻസികളിൽ നിന്നും സുതാര്യവും മത്സരാധിഷ്ഠിതവുമായ ലേല നടപടികളിലൂടെയാണ് ഒരു പ്രവൃത്തിക്ക് അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കേണ്ടത്' എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 13.03.2022 ലെ സർക്കുലർ നം ഡി.എ.നം1/56/2022 പ്രകാരം മേൽ ഉത്തരവ് കൂടുതൽ സ്പഷ്ടീകരിച്ചിട്ടുണ്ട്. ടി സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി, ടെണ്ടർ നടപടി സ്വീകരിക്കാതെ ARTCO മുഖേന സ്റ്റോറേജ് സൗകര്യങ്ങൾ ഏർപ്പെടുത്തി വാല്യുവേഷൻ റിപ്പോർട്ട് കൂടാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 16.07.2023 ൽ നല്കിയ 15ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.02.2022 ലെ ജി.ഒ (ആർ.ടി )നം 07/2022 ഉത്തരവ് പ്രകാരം ടെണ്ടർ നടപടികൾ കൂടാതെ ARTCO മുഖേന വാങ്ങൽ നടത്താമെന്ന് കാണിച്ചുള്ള മറുപടിയാണ് ലഭ്യമാക്കിയത്. അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് വാങ്ങുമ്പോൾ ബിഡ്/ടെണ്ടർ നടപടികൾ സ്വീകരിച്ച് തന്നെ വാങ്ങേണ്ടതാണ്. നിലവിലുള്ള സ്റ്റോറേജ് സൗകര്യങ്ങൾ ഒരുക്കിയതിന്റെ വാല്യുവേഷൻ എൽ.എസ്.ജി.ഡി.

അസി.എഞ്ചിനീയറുടെ പക്കൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

1-20 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | | |
|---|---|---|
| പ്രോജക്ട് നം | 64/23 | 2022-23 സാമ്പത്തിക വർഷത്തിൽ |
| പ്രോജക്ടിന്റെ പേര് | ലൈഫ് ഭവന നിർമ്മാണം (പട്ടികജാതി) | |
| അടങ്കൽ | 1542641/- (വികസന ഫണ്ട്-എസ്.സി.പി.) , 1800000/-(സംസ്ഥാന വിഹിതം),<br>1000000/-(ബ്ലോക്ക്പഞ്ചായത്ത് വിഹിതം),<br>1044000/-(ജില്ലാ പഞ്ചായത്ത് വിഹിതം )3013359/- ( ലൈഫ് ലോൺ )<br>ആകെ അടങ്കൽ-8400000 /- | |
| ചെലവ് | ബിൽ നം.22110652009400623761, തീ.10.10.2022 തുക 200000/-(എസ്.സി.പി)<br>ബിൽ നം.22110652009400842126, തീ.30.11.2022 തുക 320000/-(എസ്.സി.പി)<br>ബിൽ നം.22110652009400776754, തീ.15.11.2022 തുക 150000/-(എസ്.സി.പി)<br>ബിൽ നം.22110652009400799211, തീ.21.11.2022 തുക 40000/-(എസ്.സി.പി)<br>ബിൽ നം.22110652009400912865, തീ.15.12.2022 തുക 40000/-(എസ്.സി.പി)<br>ബിൽ നം.22110652009400935092 തീ.20.12.2022 തുക 40000/-(എസ്.സി.പി)<br>ബിൽ നം.22110652009400993075 തീ.04.01.2023 തുക 300000/-(എസ്.സി.പി)<br>ബിൽ നം.22110652009401177198 തീ.02.02.2023 തുക 320000/-(എസ്.സി.പി)<br>ബിൽ നം.22110652009401199378, തീ.15.02.2023 തുക 41956/-(എസ്.സി.പി)<br>ബിൽ നം.22110652009401508875, തീ.28.03.2023 തുക 90685/-(എസ്.സി.പി)<br>ബിൽ നം.22110652009400122955 തീ.23.03.2023 തുക 120000/-(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>ബിൽ നം.22110652009401229560, തീ.23.03.2023 തുക 200000/-(ജില്ല പഞ്ചായത്ത് വിഹിതം)<br>ബിൽ നം.22110652009401265151, തീ.28.02.2023 തുക 80000/-(ജില്ല പഞ്ചായത്ത് വിഹിതം)<br>ബിൽ നം.22110652009401326756 തീ.10.03.2023 തുക 320000/-(ജില്ല പഞ്ചായത്ത് വിഹിതം)<br>ചെക്ക് നം.,965600 തീ. 10.02.2023 തുക 50000/- (സംസ്ഥാന വിഹിതം)<br>ആകെ ചെലവ്-23,12,641/- | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ആമ്പല്ലൂർ സർക്കിൾ | |

ഗ്രാമപഞ്ചായത്തിൽ നിന്ന് ലൈഫ് ഭവന പദ്ധതിയിൽ (പട്ടികജാതി) ഉൾപ്പെടുത്തി 10 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി തുക അനുവദിച്ചിരുന്നു. അതിൽ 7 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ താഴെ ചേർത്തിട്ടുള്ള 3 ഗുണഭോക്താക്കൾ ഓഡിറ്റ് വേളയിലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് വിലാസം | ആകെ അനുവദിച്ച തുക | സ്റ്റേജ് |
|---|---|---|---|
| 1 | ശ്രീമതി. വിലാസിനി ദേവി, താന്നിച്ചവട്ടിൽ, കലയറ്റിക്കര, ആമ്പല്ലൂർ | 350000 | റൂഫ് ലെവൽ |

| | | | |
|---|---|---|---|
| 2 | ശ്രീമതി.ആശമോൾ.കെ.ആർ, ആമ്പല്ലൂർ തെക്കേപ്പറമ്പിൽ, കാഞ്ഞിരമറ്റം | 350000 | റൂഫ് ലെവൽ |
| 3 | ശ്രീ.സുരേഷ് അയ്യപ്പൻ, വടക്കേപ്പുരയ്ക്കൽ,ആമ്പല്ലൂർ | 300000 | റൂഫ് ലെവൽ |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ച് മുഴുവൻ ധനസഹായവും കൈപ്പറ്റാത്തതിന്റെ കാരണം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 15.07.2023 ൽ നല്കിയ 16ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ബന്ധപ്പെട്ട ഗുണഭോക്താക്കളെ നേരിൽ കണ്ട് അടിയന്തരമായി ഭവനനിർമ്മാണം പൂർത്തീകരിക്കണമെന്ന് നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടിയിലൂടെ അറിയിച്ചു. എത്രയും വേഗം മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-21 വിവിധ ഫണ്ടുകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നു

2022-23 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പരിശോധിച്ചതിൽ ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂളിൽ മുൻവർഷങ്ങളിലുൾപ്പെടെ താഴെ ചേർത്തിട്ടുള്ള ഫണ്ടുകൾ ചെലവഴിക്കാതെ ബാക്കി നില്ക്കുന്നതായി കാണുന്നു. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

| ക്രമനം | അക്കൗണ്ട് ഹെഡ് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320100190 | വിമുക്തി ഗ്രാന്റ് | 34950 |
| 2 | 320100192 | ഫ്ലഡ് റീലിഫ് ഗ്രാന്റ് | 205540 |
| 3 | 320100162 | സർവ്വ ശിക്ഷാ അഭിയാൻ | 30200 |
| 4 | 320100195 | ഗ്രാന്റ്സ്/ഫണ്ട് ഫോർ എപ്പിഡമിക് /പാൻഡമിക് കൺട്രോൾ | 54401 |
| 5 | 320700104 | Contributions For Joint Venture Projects From Block Panchayat (For Capital Expenditure) | 9418 |
| 6 | 320700105 | Contributions For Joint Venture Projects From District Panchayat (For Capital Expenditure) | 183095 |
| 7 | 320700204 | Contributions For Joint Venture Projects From Block Panchayat (For Revenue Expenditure) | 1720000 |
| 8 | 320700205 | Contributions For Joint Venture Projects From District Panchayat (For Revenue Expenditure) | 2500 |

മേൽ പരാമർശിച്ചിട്ടുള്ളവയിൽ, ക്രമ നം. 5 മതൽ 8 വരെയുള്ള സംയുക്ത പ്രോജക്ടുകൾക്കായി ലഭ്യമായ തുക ഉപയോഗിച്ച് പ്രോജക്ടുകൾ ഇനിയും നടപ്പിലാക്കിയിട്ടില്ലെങ്കിൽ പ്രസ്തുത തുക ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾക്ക് തിരികെ നല്കേണ്ടതുണ്ട്. ഇപ്രകാരം തിരികെ നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

ബാലൻസ് ഷീറ്റിലെ ബി-9 ഷെഡ്യൂളിൽ 350800101 ഹെഡിൽ Liability In Respect Of Stale Cheque ഇനത്തിൽ 114173/-രൂപ അവശേഷിക്കുന്നുണ്ട്. ടി തുകയ്ക്കുള്ള ചെക്കുകൾ തുടർന്നുള്ള വർഷത്തിൽ പണമാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 18.07.2023 ൽ നല്കിയ 18ാം നമ്പർ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ക്രമ നമ്പർ 1 ന് 2023-24 വാർഷിക പദ്ധതിയുടെ ഭാഗമായി എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്കായി തുക ചെലവഴിക്കുന്നതാണെന്ന് മറുപടിയായി അറിയിച്ചു. ക്രമ നം 2 ന് 2018 ൽ പ്രളയവുമായി ബന്ധപ്പെട്ട് ബഹു.ജില്ലാ കളക്ടർ അനുവദിച്ച തുകയിൽ ബാക്കി നില്ക്കുന്നതായ പ്രസ്തുത തുക നടപ്പ സാമ്പത്തിക വർഷം തന്നെ ചെലവഴിക്കുന്നതാണെന്ന് അറിയിച്ചു. ക്രമ നം 3 ന് 2023-24 വാർഷിക പദ്ധതിയുടെ ഭാഗമായി തുക ചെലവഴിക്കുന്നതാണെന്നറിയിച്ചു. ക്രമ നം 4 ന് കോവിഡ് 19 ന്റെ ഭാഗമായി പൊതുജനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന സർക്കാർ നിർദ്ദേശ പ്രകാരം സമാഹരിച്ച തുക നിലവിൽ പകർച്ചവ്യാധി പോലുള്ള ഭീഷണികൾ ഇല്ലാത്തതിനാൽ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതാണെന്ന് അറിയിച്ചു. ക്രമ നം 5 ന് അങ്കണവാടി നിർമ്മാണത്തിന് ലഭ്യമായ ബ്ലോക്ക് വിഹിതത്തിന്റെ ബാക്കിയായ തുകയാണെന്നും പ്രസ്തുത തുക തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ക്രമ നം. 6 എസ്.സി കോളനി ഹാൾ നവീകരണത്തിനായി ജില്ലാ പഞ്ചായത്തിൽ നിന്നും 7, 8 എന്നിവ യഥാക്രമം ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്ന് ലൈഫ് ഭവന പദ്ധതികൾക്കായി ലഭ്യമായതാണെന്നും പ്രസ്തുത തുകകൾ 2023-24 വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെലവഴിക്കുന്നതാണെന്നും മറുപടിയായി അറിയിച്ചു. മേൽ ലഭ്യമാക്കിയ മറുപടിയിൻ പ്രകാരം നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കൂടാതെ Liability In Respect Of Stale Cheque ഇനത്തിലെ 114173/-രൂപ ഗ്രാമപഞ്ചായത്തിലെ വിവിധ പദ്ധതികളുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യുമ്പോൾ അക്കൗണ്ടിലെ പിശകുകൾ മൂലം ഗ്രാമപഞ്ചായത്തിലേക്ക് മടങ്ങുന്ന സാഹചര്യത്തിൽ ബി-9 ഷെഡ്യൂളിൽ 350800101 ഹെഡിൽ വരവ് വെച്ച ശേഷമാണ് വീണ്ടും ഗുണഭോക്താവിന് നല്കുന്നതെന്നറിയിച്ചു. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ

വാർഷിക ധനകാര്യപത്രിക ബാദ്ധ്യതയായി കാണിച്ചിട്ടുള്ളതിനാൽ യഥാർത്ഥ ഗുണഭോക്താവിനെ ഇനിയും കണ്ടെത്താനായിട്ടില്ലെങ്കിൽ പ്രസ്തുത തുക തനത് ഫണ്ടിലേക്കോ, ബന്ധപ്പെട്ട ഹെഡിലേക്കോ തിരികെ അടവാക്കേണ്ടതാണ്.

## 1-22 വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് നടപ്പിലാക്കി

| | |
|---|---|
| പ്രൊജക്ട് നമ്പർ | S159/23 |
| പ്രൊജക്ടിന്റെ പേര് | നൈപുണ്യ നഗരം- വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 77000/-(തനത് ഫണ്ട്) |
| ചെലവ് | 66,501/-<br>24000/-(വൗച്ചർ നമ്പർ/തീയതി-22200968 /10.01.2023)<br>4200/-(വൗച്ചർ നമ്പർ/തീയതി-22200967/10.01.2023)<br>10800/-(വൗച്ചർ നമ്പർ/തീയതി-22200993/18.01.2023)<br>3501/-(വൗച്ചർ നമ്പർ/തീയതി-22201083/06.02.2023)<br>24000/-(വൗച്ചർ നമ്പർ/തീയതി-22201082 /06.02.2023) |

ജില്ല ആസൂത്രണ സമിതി നിർദേശ പ്രകാരം, ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് പരിധിയിലെ 60 വയസു കഴിഞ്ഞ വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിഞ്ജാനം ലഭിക്കുന്നതിന് പരിശീലന പരിപാടി സംഘടിപ്പിക്കാൻ പ്രൊജക്ട് ഏറ്റെടുക്കുകയും 2022 ഡിസംബർ മാസത്തിൽ 10 ദിവസത്തെ പരിശീലന പരിപാടി IHRD യുടെ ആഭിമുഖ്യത്തിൽ നടത്തുകയും ചെയ്തു. പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022 /ത.സ്വ.ഭ.വ.തീയതി 28.05.22,ഖണ്ഡിക 8.5(ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്കു മാത്രമായി പ്രൊജക്ട് ഏറ്റെടുക്കാവുന്നതല്ല. ഇവിടെ 60 വയസിനു മുകളിൽ പ്രായം ഉള്ളവർക്കാണ് പരിശീലനം നൽകിയത്. മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രൊജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 3/12.07.23നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി ലഭ്യമാക്കിയ മറുപടിയിൽ ഡി.പി.സി.മെമ്പർ സെക്രട്ടറി&എറണാകുളം ജില്ല കളക്ടറുടെ 30.6.22ലെ 103578/22/ഡി.പി.സി./ഡി.പി.ഓ. /ഇ.കെ.എം.നമ്പർ ഉത്തരവ് പ്രകാരമാണ് പ്രൊജക്ട് ഏറ്റെടുത്തതെന്നും ടി ഉത്തരവിൽ നിർബന്ധമായും ഏറ്റെടുക്കേണ്ട പ്രൊജക്ട് എന്നാണ് നിർദേശിച്ചിരുന്നതെന്നും ഡി.പി.സി. നിർദേശിക്കുന്ന പ്രൊജക്ടുകൾ ഏറ്റെടുത്തില്ലെങ്കിൽ പഞ്ചായത്തിന്റെ മറ്റു പ്രൊജക്ടുകൾക്ക് പോലും ഡി.പി.സി. അംഗീകാരം ലഭിക്കുകയില്ല എന്നാണ് അറിയിച്ചത്. സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ല കംപ്യൂട്ടർ പരിശീലന പരിപാടി നടത്തിയത് എന്നതിനാൽ പ്രൊജക്ടിലെ ചെലവ് തുക 66501/-രൂപ തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവിനു വിരുദ്ധമായി നടപ്പിലാക്കിയ പ്രൊജക്ട് ആയതിനാൽ ഇക്കാര്യത്തിൽ സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്.

## 1-23 ജലജീവൻ പദ്ധതി-പൈപ്പ് ലൈൻ ഇടുന്നതിനായി സ്ഥലം വാങ്ങിയതിന് ഫെയർ വാല്യുവില്ലും അധികരിച്ച് തുക നൽകി

| | |
|---|---|
| പ്രൊജക്ട് നമ്പർ | S167/23 |
| പ്രൊജക്ടിന്റെ പേര് | ജലജീവൻ പദ്ധതി- സ്ഥലം വാങ്ങലിനുള്ള തുക നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 5,00,000/-(തനത് ഫണ്ട്) |
| ചെലവ് | 5,00,000/-(ചെക്ക് നമ്പർ/തീയതി-6145202/30.01.2023) |

ജലജീവൻ പദ്ധതിയുടെ ഭാഗമായി ആമ്പല്ലൂർ, മണീട്, എടയ്ക്കാട്ടുവയൽ, മുളന്തുരുത്തി പഞ്ചായത്തുകൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി നിലവിൽ നെച്ചൂരിൽ സ്ഥിതി ചെയ്യുന്ന വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് സമീപം പുതിയ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കേണ്ടതുണ്ടെന്നും ടി പ്ലാന്റിനു സമീപം പൈപ്പ് ലൈനുകൾ കടന്നു പോകുന്നതിന് സ്വകാര്യ വ്യക്തികളിൽ നിന്നും 15.5 സെന്റ് സ്ഥലം ടി സ്ഥലത്തിന്റെ വിലയായി ജില്ല കളക്ടർ

നിശ്ചയിക്കുന്ന ഫെയർ വാല്യുവിന്റെ അടിസ്ഥാനത്തിൽ വാങ്ങുന്നതിന് നാല് പഞ്ചായത്തുകളും തുല്യമായി തുക വകയിരുത്തി സ്ഥലം ഉടമകളിൽ നിന്നും സമ്മത പത്രം ലഭ്യമാക്കി മണീട് പഞ്ചായത്ത് പ്രസിഡന്റ് മുഖേന കൈമാറാൻ 13.6.22 ൽ നടന്ന ജലജീവൻ പദ്ധതി അവലോകന യോഗത്തിൽ തീരുമാനിച്ചു. സെന്റിന് 1.20 ലക്ഷം രൂപ നിരക്കിൽ 15.5 സെന്റ് ഭൂമിക്ക് ആവശ്യമായ പണം 4 പഞ്ചായത്തുകളും തുല്യമായി വീതിച്ച് ഓരോ പഞ്ചായത്തിന്റെയും ഓഹരി മണീട് പഞ്ചായത്ത് പ്രസിഡന്റ് മുഖേന കൈമാറാനാണ് തീരുമാനിച്ചത്. ഇതനുസരിച്ച് ആമ്പല്ലൂർ പഞ്ചായത്തിന്റെ വിഹിതം 5,00,000/-രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് മണീട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ, പിറവം ബ്രാഞ്ചിലുള്ള അക്കൗണ്ട് നമ്പർ 67308103513 ലേക്ക് കൈമാറി. പദ്ധതി നിർവ്വഹണം സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഒരു സെന്റിന് 1,20,000/-രൂപ നിരക്കിൽ 15.5 സെന്റ് സ്ഥലത്തിന്റെ വില 18,60,000/-രൂപയാണ്. ടി തുകയെ 4 ആയി ഭാഗിക്കുമ്പോൾ 4,65,000/-രൂപയാണ് ഓരോ പഞ്ചായത്തും നൽകേണ്ട വിഹിതം.എന്നാൽ 35,000/-രൂപ അധികമായി 5,00,000/- രൂപയാണ് ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് നൽകിയത്.

2) ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള, മൂവാറ്റുപുഴ തഹസിൽദാർ നൽകിയിട്ടുള്ള ലാന്റ് വാല്യൂ സർട്ടിഫിക്കറ്റ് പ്രകാരം(A4-8765/2022/K.Dis,Dt.06.01.23) പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഏറ്റെടുക്കേണ്ട മണീട് വില്ലേജിലെ സർവ്വേ നമ്പർ 394/1A,394/1B,394/2/7 ൽപ്പെട്ട 6.28 ആർ(15.5116 സെന്റ്) ഭൂമിയുടെ മൂല്യം ഒരു ആറിന് 1,35,666/-രൂപ നിരക്കിൽ ആകെ 8,51,983/-രൂപ മാത്രമാണ്. അതായത് ഒരു സെന്റിന് 54,926/-രൂപ മാത്രം മൂല്യം. ഇതനുസരിച്ച് ഓരോ പഞ്ചായത്തും നൽകേണ്ട വിഹിതം 8,51,983/4=2,12,996/-രൂപ മാത്രമാണ്. എന്നാൽ 2,87,004/-രൂപ ആമ്പല്ലൂർ പഞ്ചായത്ത് അധികമായി നൽകി(5,00,000-2,12,996=2,87,004). റവന്യൂ വകുപ്പിൽ നിന്നുമുള്ള ഫെയർ വാല്യൂ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനു മുൻപ് തന്നെ ഒരു സെന്റിന് യഥാർത്ഥ വിലയേക്കാളും ഉയർന്ന വില കണക്കാക്കി അധിക തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടും അധികമായി നൽകിയ തുക മണീട് ഗ്രാമപഞ്ചായത്തിൽ നിന്നും തിരികെ ലഭ്യമായിട്ടുണ്ടോയെന്ന വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ 02/12.07.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറി മറുപടി ലഭ്യമാക്കി. സ്ഥലം വാങ്ങിയിട്ടില്ല എന്നും ഫെയർ വാല്യൂ പ്രകാരമുള്ള തുകയ്ക്ക് സ്ഥലം ഉടമകൾ സ്ഥലം നൽകുന്നതിന് വിസമ്മതിച്ചതു മൂലം ജില്ല കളക്ടറുടെ നേതൃത്വത്തിലുള്ള പർച്ചേസ് കമ്മറ്റി രൂപീകരിച്ച് തുക തീരുമാനിച്ചിട്ടുണ്ടെന്നും കളക്ടറുടെ ഉത്തരവ് ലഭിച്ചാലുടൻ സ്ഥലം വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കും എന്ന് മണീട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഫോണിൽ അറിയിച്ചതായി സെക്രട്ടറി മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്ഥലത്തിന്റെ ഫെയർ വാല്യുവിലും അധികരിച്ച് നൽകിയ 2,87,004/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

1-24 സ്കൂൾ ബസുകളുടെ വാഹന നികുതിയും ഇൻഷുറൻസും മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അടവാക്കിയത് അനുവദനീയമല്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | S128/23 |
| പ്രൊജക്ടിന്റെ പേര് | ഗവ.സ്കൂളുകളിലെ ബസുകളുടെ ഇൻഷ്വറൻസ്, ടാക്സ് അടയ്ക്കൽ |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.സ്കൂൾ, കാഞ്ഞിരമറ്റം |
| അടങ്കൽ | 1,25,000/-(മെയിന്റനൻസ് -ഗ്രാന്റ് നോൺ-റോഡ്) |
| ചെലവ് | 1,19,758/-<br>1)(ബിൽ നമ്പർ-98/14.10.22, തുക-99203/- 2(ബിൽ നമ്പർ-122/03.11.22, തുക-11075/-<br>3(ബിൽ നമ്പർ-309/13.02.23,തുക-9480/-) |

കാഞ്ഞിരമറ്റം, ഗവ.എൽ.പി.സ്കൂളിലെ KL-39F 7894, KL-39P 6246 നമ്പരുകളിലുള്ള സ്കൂൾ ബസുകളുടെയും ആമ്പല്ലൂർ ജെ.ബി.എസിലെ KL-39P 7261 നമ്പർ സ്കൂൾ ബസിന്റെയും വാഹന നികുതി, ഇൻഷ്വറൻസ് ഇനങ്ങളിൽ തുക അടവാക്കുന്നതിനായി മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം 1,19,758/-രൂപ മെയിന്റനൻസ് ഗ്രാന്റ് നോൺ -റോഡിൽ നിന്നും ചെലവഴിച്ചു. റിലയൻസ് ജനറൽ ഇൻഷ്വറൻസ് ലിമിറ്റഡ് എന്ന സ്വകാര്യ കമ്പനിയുടെ ഇൻഷ്വറൻസ് ആണ് എടുത്തത്. പതിനാലാം പഞ്ചവൽസര പദ്ധതി മാർഗരേഖ സ.ഉ.(കൈ)നം.84/22/ത.സ്വ.ഭ.വ.,തീയതി 19.04.2022 ഖണ്ഡിക 08.06.19 പ്രകാരം സ്കൂളുകൾക്കു വേണ്ടി വിവിധ പദ്ധതികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെയും ഭാഗമായി വാങ്ങിയ വാഹനങ്ങളുടെ ഇന്ധന ചെലവ്, ഡ്രൈവറുടെ വേതനം, മറ്റ് ആവർത്തന ചെലവുകൾ എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഹിക്കാൻ പാടില്ല. ആവർത്തന ചെലവിനത്തിൽ വരുന്ന ടാക്സ്, ഇൻഷ്വറൻസ് എന്നിവ മാർഗരേഖയിലെ നിർദേശത്തിനു വിരുദ്ധമായി, മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അടവാക്കിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 11/15.07.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഹെഡ്മിസ്ട്രസ് മറുപടി ലഭ്യമാക്കി. കോവിഡ് കാലത്തിനു ശേഷം സ്കൂൾ തുറന്നപ്പോൾ വാഹനങ്ങളുടെ ഇൻഷ്വറൻസ്,ടാക്സ് എന്നിവ അടവാക്കുന്നതിന് ആവശ്യമായ തുക കണ്ടെത്തുന്നതിന് വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ച സാഹചര്യത്തിൽ പഞ്ചായത്തിൽ ആവശ്യപ്പെട്ടതു പ്രകാരമാണ് പ്രൊജക്ട് നടപ്പിലാക്കിയതെന്നും 2023-24 സാമ്പത്തിക വർഷം ടി പ്രൊജക്ട് ഏറ്റെടുത്തിട്ടില്ലെന്നുമാണ്. പദ്ധതി മാർഗരേഖയ്ക്ക് വിരുദ്ധമായുള്ള ടി പ്രൊജക്ട് തുടർന്ന് ഏറ്റെടുത്ത് നടപ്പിലാക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 വിദ്യാർത്ഥിനികൾക്ക് തായ്ക്വോണ്ടോ പരിശീലനം-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | S136/23 |
| പ്രൊജക്ടിന്റെ പേര് | സ്കൂളുകളിൽ വിദ്യാർത്ഥിനികൾക്ക് തായ്ക്വോണ്ടോ പരിശീലനം |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.സ്കൂൾ,കാഞ്ഞിരമറ്റം |
| അടങ്കൽ | 1,34,000/-(പൊതുവിഭാഗം-സാധാരണ വിഹിതം) |
| ചെലവ് | 1,33,000/-<br>1)ബിൽ നമ്പർ-485/28.3.23,തുക-24000/-<br>2)ബിൽ നമ്പർ-388/15.3.23,തുക-109000/-) |

വിവിധ സ്കൂളുകളകളിലെ വിദ്യാർത്ഥിനികൾക്ക് തായ്ക്വോണ്ടോയിൽ പരിശീലനം നൽകുന്നതിന് ആവിഷ്കരിച്ചതാണ് S136/23 നമ്പർ പ്രൊജക്ട്. സ.ഉ.(കൈ)നം.84/2022 /ത.സ്വ.ഭ.വ.,തീ.19.04.2022 പ്രകാരമുള്ള പദ്ധതി മാർഗരേഖയിലെ ഖ. 8.6.18പ്രകാരം വനിത ശിശു വികസന വകുപ്പ് നടപ്പാക്കുന്ന നിർഭയ പദ്ധതി പ്രകാരമുള്ള കായിക വിദ്യാഭ്യാസ സംബന്ധമായ പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്വോണ്ടോ, ജൂഡോ, കരാട്ടെ, യോഗ, കളരി ഉൾപ്പെടെയുള്ള ആയോധനകലകളിൽ ഹൈസ്കൂൾ/ഹയർസെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാവുന്നതാണ്. ജില്ലാ പഞ്ചായത്ത് ഏറ്റെടുക്കുന്ന ഇത്തരം പ്രൊജക്കുകളുടെ പരിശീലകരായി സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള കായികാദ്ധ്യാപകരെ നിയോഗിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്ത് ഏറ്റെടുത്തു നടപ്പിലാക്കേണ്ട പദ്ധതി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കിയത് മാർഗ രേഖയ്ക്ക് വിരുദ്ധമാണ്. ഇതിന് സാധൂകരണം

വാങ്ങേണ്ടതാണ്.

അംഗീകൃത തായ്ക്വോണ്ടോ പരിശീലകരിൽ നിന്നും സെക്രട്ടറി പത്രപ്പരസ്യം മുഖേന ടെണ്ടർ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്പോർട്സ് കൗൺസിൽ അംഗീകാരമുള്ള പരിശീലകനായ വിഷ്ണു ശിവൻ, മുട്ടത്തറ, നെല്ലിമറ്റം എന്ന വ്യക്തിയെ 17.12.22ലെ ഭരണസമിതി യോഗത്തിലെ 9/1 നമ്പർ തീരുമാനം പ്രകാരം പരിശീലകനായി നിയമിക്കുകയും ചെയ്തു. കാഞ്ഞിരമറ്റം സെന്റ് ഇഗ്നേഷ്യസ് ഹയർ സെക്കണ്ടറി സ്കൂളിലെ 40 വിദ്യാർത്ഥിനികൾക്കാണ് പരിശീലനം നൽകിയത്. വിദ്യാർത്ഥിനികളുടെ പേരു വിവരങ്ങളും പരിശീലനത്തിൽ പങ്കെടുത്തതിന്റെ ഹാജരും ലഭ്യമാക്കിയിട്ടുണ്ട്. 2023 ജനവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 15 ദിവസമാണ് പരിശീലനം നടത്തിയത്. Yellow Belt Grading നായി 40 കുട്ടികൾക്ക് 600/-രൂപ വീതം 24,000/-രൂപ TAEKWANDO ASSOCIATION OF ERNAKULAM ൽ 21.03.2023ൽ പരിശീലകൻ അടവാക്കിയതിന്റെ രസീത് നമ്പർ 451/21.03.2023 ഫയലിൽ ചേർത്തിട്ടുണ്ട്. 40കുട്ടികളും ഗ്രേഡിംഗ് ടെസ്റ്റിൽ പങ്കെടുത്തതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഗ്രേഡിംഗിന് 2023 ജൂലൈ മാസം 23ന് തീയതി നിശ്ചയിച്ച തായ്ക്വോണ്ടോ അസോസിയേഷനിൽ നിന്നും ലഭിച്ചിട്ടുണ്ട് എന്ന് അറിയിച്ചു. 40 വിദ്യാർത്ഥിനികളും ഗ്രേഡിംഗ് ടെസ്റ്റിൽ പങ്കെടുത്ത് Yellow Belt കരസ്ഥമാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ 24,000/-രൂപ തടസപ്പെടുത്തുന്നു.

## 1-26 ഭീമമായ തുക വെള്ളക്കരം ഇനത്തിൽ കുടിശിക

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്ന് വെള്ളക്കരം കുടിശ്ശിക, പിഴ ഉൾപ്പെടെ 1,01,38,802/-രൂപയാണ് 10.03.2023ലെ 723150ം നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം വാട്ടർ അതോറിറ്റിക്ക് നല്കുവാനുള്ളത്. പ്രസ്തുത തുക വാട്ടർ അതോറിറ്റിക്ക് നല്കുവാനുള്ള ബാദ്ധ്യതയായി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/19.07.2023 ന് മറുപടി ലഭ്യമായില്ല. വാർഷിക ധനകാര്യ പത്രികയിൽ ഇത്തരത്തിലുള്ള അപാകം സംഭവിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വെള്ളക്കരം കുടിശ്ശിക വാട്ടർ അതോറിറ്റിയിൽ അടവാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കേണ്ടതാണ്.

## 1-27 ഇ-ടെണ്ടർ ഫീസ് - തുക ഗ്രാമ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തുക ക്രെഡിറ്റ് ചെയ്യുന്നതിനായി ആമ്പല്ലൂർ ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനിയറുടെ പേരിൽ എസ്.ബി.ഐ കാഞ്ഞിരമറ്റം ശാഖയിൽ കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട് (നം. 37178128775). പ്രസ്തുത അക്കൗണ്ടിലെ 13.07.2023ലെ നീക്കിയിരിപ്പ് 602274.50 രൂപയാണ്. ഈ തുക ഗ്രാമപഞ്ചായത്ത് ഫണ്ടിലേയ്ക്ക് അടവാക്കിയിട്ടില്ല. തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17/16.07.2023 ന് മറുപടി ലഭിച്ചില്ല. ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ടി ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക എത്രയെന്ന് കണക്കാക്കി ആയത് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

## 1-28 എസ്.എസ്.എ. വിഹിതം അടവാക്കിയത്-ധനവിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല

ഹെഡ്മിസ്ട്രസ്,ജി.എൽ.പി.എസ്.,കാഞ്ഞിരമറ്റം നിർവ്വഹണോദ്യോഗസ്ഥയായി 2022-23വർഷം ചുവടെ ചേർക്കുന്നതു പ്രകാരം എസ്.എസ്.എ വിഹിതം എസ്.എസ്.കെ. ജില്ലാ പ്രൊജക്ട് ഓഫീസറുടെ പേരിലുള്ള 0806101074212 നമ്പർ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| ക്രമനമ്പർ | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | S124/23 | എസ്.എസ്.എ. വിഹിതം അടവ് | പൊതു വിഭാഗം വികസന ഫണ്ട് | 7,66,000/- | 7,66,000/-( ബിൽ നമ്പർ-109/25.10.22) |
| 2 | S 37/2021 | എസ്.എസ്.എ. വിഹിതം-എസ്.സി. | വികസന ഫണ്ട്-എസ്.സി.പി. | 2,00,000/- | 2,00,000/-( ബിൽ നമ്പർ-110/25.10.22) |
| | | | | ആകെ | 9,66,000/- |

9,66,000/-രൂപ ചെലവഴിച്ച് 2022-23 വർഷം പഞ്ചായത്ത് പരിധിയിലുള്ള വിവിധ സ്കൂളുകളിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുന്ന ധനവിനിയോഗ സാക്ഷ്യപത്രം എസ്.എസ്.കെ. ജില്ലാ പ്രൊജക്ട് ഓഫീസിൽ നിന്നും ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണണെന്ന് ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 19/18.7.23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ധനവിനിയോഗ സാക്ഷ്യപത്രം ഉടനെ ഹാജരാക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കി.

ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ആകെ ചെലവഴിച്ച തുകയായ 9,66,000/-രൂപ തടസപ്പെടുത്തുന്നു.

1-29 അസിസ്റ്റന്റ് എഞ്ചിനിയർ ഓഫീസ് വൈദ്യുതീകരണം - ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് അനുവദനീയമായതിലും കൂടുതൽ തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 119/22-23(സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | അസി.എൻജിനീയർ ഓഫീസ്-വൈദ്യുതീകരണം |
| എം.ബുക്ക് നമ്പർ | 2/21-22 |
| എഗ്രിമെന്റ് നമ്പർ | 2/AE/(LID&EW)/21-22 Dated 23.11.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | 76000/-(തനത് ഫണ്ട്) |
| ചെലവ് | 67658/-(ചെക്ക് നമ്പർ 68200280, തീയതി 02/02/2023) |

അസിസ്റ്റന്റ് എഞ്ചിനിയർ ഓഫീസ് വൈദ്യുതീകരിച്ചതിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് അനുവദനീയമായതിലും അധിക നിരക്കിൽ തുക നൽകി. ആയതിനാൽ അധികമായി നൽകിയ തുകയായ 3561/-രൂപ നിരാകരിക്കുന്നു. വിശദ വിവരം ഭാഗം-3, ഖണ്ഡിക 3-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-30 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

2022-23 വർഷം കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബില്ലിന്റെ പകർപ്പ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് നമ്പരും പേരും | നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | S004/23 വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | സെക്രട്ടറി | 17,03,500--(ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) | 17,00,000/- (വൗച്ചർ നം.22101182/07.3.23) |
| 2 | S036/23(സ്പിൽ ഓവർ) HDPE പൈപ്പ് സ്ഥാപിക്കൽ (നഗര സഞ്ചയ പദ്ധതി) | സെക്രട്ടറി | 71,00,000/-(കൊച്ചി നഗരസഭയുടെ നഗരസഞ്ചയ പദ്ധതി ഗ്രാന്റ്) | 71,00,000/- (ചെക്ക് നം.049805/18.10.22) |
| 3 | S009/23 അരയൻകാവ് വാട്ടർ ടാങ്കിൽ വാട്ടർ ഫ്ളോ മീറ്റർ സ്ഥാപിക്കൽ | സെക്രട്ടറി | 50,000/-(ധനകാര്യ കമ്മീഷൻ ടൈഡ് ഗ്രാന്റ്) | 50,000/- ( വൗച്ചർ നം.22201240/06.3.23) |
| 4 | S0143/23 കുലയറ്റിക്കര എസ്.സി.കോളനി കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ | അസി.സെക്രട്ടറി | 5,00,000/- (വികസന ഫണ്ട്-എസ്.സി.പി.) | 5,00,000/-9(UTR No.RBI0182347405755 Dt.17.01.23) |
| | ആകെ ചെലവ് | | | 93,50,000/- |

പ്രവൃത്തി പൂർത്തീകരിച്ച് മേൽ സൂചിപ്പിച്ച രേഖകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. മേൽ പ്രവൃത്തികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുമായി വെച്ച കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ തീയതി ഉൾപ്പെടുത്തിയിട്ടില്ല. നിക്ഷേപ പ്രവൃത്തികൾക്കായി തുക കൈമാറുമ്പോൾ, നിർവ്വഹണ ഏജൻസികളുമായി വെയ്ക്കുന്ന കരാറുകളിൽ പ്രവൃത്തി പൂർത്തീകരണ തീയതി ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2022-23 വർഷത്തെ ധനകാര്യപത്രിക ബാലൻസ് ഷീറ്റ് 460500201 ഹെഡ് പ്രകാരം, നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയിൽ 1,53,02,809/-രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 22/19.7.23 നമ്പർ ഓഡിറ്റ്

എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. നിക്ഷേപ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടന്നു കൊണ്ടിരിക്കുകയാണെന്നും ഉടൻ തന്നെ പ്രവൃത്തികൾ ആരംഭിച്ച് പൂർത്തീകരിക്കുന്നതാണെന്നും വാട്ടർ അതോറിറ്റിയിൽ നേരിട്ട് അന്വേഷണം നടത്തിയതിൽ അറിവായിട്ടുണ്ട് എന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അസിസ്റ്റന്റ് എഞ്ചിനിയർ ഓഫീസ് വൈദ്യുതീകരണം - ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്ക് അനുവദനീയമായതിലും കൂടുതൽ തുക നൽകി

| | |
|---|---|
| പ്രോജക്ട് നമ്പർ | 119/22-23(സ്പിൽ ഓവർ) |
| പ്രൊജക്ടിന്റെ പേര് | അസി.എൻജിനീയർ ഓഫീസ്-വൈദ്യുതീകരണം |
| എം.ബുക്ക് നമ്പർ | 2/21-22 |
| എഗ്രീമെന്റ് നമ്പർ | 2/AE/(LID&EW)/21-22 Dated 23.11.21 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനിയർ |
| അടങ്കൽ | 76000/-(തനത് ഫണ്ട്) |
| ചെലവ് | 67658/-(ചെക്ക് നമ്പർ 68200280, തീയതി 02/02/2023) |

അസിസ്റ്റന്റ് എഞ്ചിനിയർ ഓഫീസ് വൈദ്യുതീകരിച്ചതിൽ ചുവടെ ചേർക്കുന്ന ചില പ്രവൃത്തികൾക്ക് അനുവദനീയമായതിലും അധിക നിരക്കിൽ തുക നൽകി.

| മെഷർമെന്റ് ബുക്കിലെ ഐറ്റം നമ്പർ | DSR – 2018 ഇലക്ട്രിക്കൽ ഇനം നമ്പർ | ഒരു യൂണിറ്റിന് അനുവദിച്ച നിരക്ക്(റേറ്റ്) | അനുവദനീയമായ നിരക്ക്(റേറ്റ്) | അനുവദിച്ച തുക | അനുവദനീയമായ തുക | അധികം നൽകിയത് |
|---|---|---|---|---|---|---|
| 9 | 1.17.5 | 114.71 | 87 | 18*114.71=2064.78 | 18*87=1566 | 498.78 |
| 10 | 1.17.12 | 104.92 | 75 | 30*104.92=3147.60 | 30*75=2250 | 897.60 |
| 11 | 1.7.21 | 155.28 | 117 | 16*155.28=2484.48 | 16*117=1872 | 612.48 |
| 16 | 1.24.1 | 117.51 | 85 | 10*117.51=1175.10 | 10*85=850 | 325.10 |
| 17 | 1.24.3 | 159.47 | 132 | 1*159.47=159.47 | 1*132=132 | 27.47 |
| 19 | 1.24.5 | 214.03 | 175 | 1*214.03=214.03 | 1*175=175 | 39.03 |
| 22 | 1.27.5 | 415.47 | 383 | 5*415.47=2077.35 | 5*383=1915 | 162.35 |
| 24 | 2.10.1 | 242.01 | 199 | 16*242.01=3872.16 | 16*199=3184 | 688.16 |
| 26 | 2.14.2 | 2404.71 | 2095 | 1*2404.71=2404.71 | 1*2095=2095 | 309.71 |
| | | | | | ആകെ | 3560.68 |

ഇതു സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/12-07-2023 ന് തൃപ്തികരമായ മറുപടി ലഭിച്ചില്ല. 3561/- രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ നമ്പർ, പേര് | ചെലവായ തുക (₹) | ബാക്കി തുക |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2022-23 | 600000 | 64/23,ലൈഫ് ഭവന നിർമ്മാണം -പട്ടിക ജാതി വിഭാഗം | 600000 | 0 |
| 2 | | | 98800 | 69/23,ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 98800 | 0 |
| 3 | | | 300000 | 88/23,ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| 4 | | | 25000 | 137/23,പോത്തു കുട്ടി വിതരണം | 25000 | 0 |
| 5 | | | 350000 | 215/23,നെൽകൃഷി കൂലിച്ചെലവ് സബ്സിഡി | 350000 | 0 |
| 6 | | | 396000 | 267/23,എസി.സി.വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 396000 | 0 |
| | ആകെ | | 1769800 | | 1769800 | |
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 40000 | 39/23,ലൈഫ് ഭവനപദ്ധതി – എസ്.സി. | 40000 | 0 |
| 2 | | | 40000 | 42/23,ലൈഫ് ഭവനപദ്ധതി | 40000 | 0 |
| 3 | | | 400000 | 88/23,ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 400000 | 0 |
| 4 | | | 120000 | 64/23,ലൈഫ് ഭവന നിർമ്മാണം -പട്ടികജാതി വിഭാഗം | 120000 | 0 |
| 6 | | | 300600 | 69/23,ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 39/22 | 300600 | 0 |
| | ആകെ | | 900600 | | 900600 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം കേരള വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നമ്പർ,പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 4/23,വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 22101182/07.03.23 | 1700000 | 0 | 1700000 |
| 9/23,അരയൻകാവ് വാട്ടർ ടാങ്കിൽ വാട്ടർ ഫ്ളോ മീറ്റർ സ്ഥാപിക്കൽ | 22201240/06.03.23 | 50000 | 0 | 50000 |
| 36/23,HDPE പൈപ്പ് ലൈൻ സ്ഥാപിക്കൽ(നഗര സഞ്ചയ പദ്ധതി) | 049805/18.10.22 | 7100000 | 0 | 7100000 |
| 143/23,കുലയറ്റിക്കര എസ്.സി.കോളനി കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ | UTR -RBI 0182347405755 Dt.17.01.23 | 500000 | 0 | 500000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക (തൻ വർഷത്തെ വരവ്) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ്-KURDFC ലോൺ | 1060000 | 5267333 | 2470658 | 0 | 3856675 |

| | | | | | |
|---|---|---|---|---|---|
| ലൈഫ്-HUDCO ലോൺ | 0 | 1409082 | 0 | 0 | 1409082 |

4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1624879 |
| തൻവർഷം നിക്ഷേപിച്ച തുക | 2243277 |
| ആകെ | 3868156 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3868156 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD No.8686/16 | 658615 |
| FD No.15720/11 | 499270 |
| FD No.670403030001041 | 2243277 |
| FD No.014301880120031 | 533876 |
| ആകെ | 3935038 |

ധനകാര്യപത്രിക പ്രകാരമുള്ള തുകയാണ് പട്ടിക-1 ൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതിൽ പലിശ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമല്ല. പട്ടിക- 2 ൽ ബാങ്കിലെ സ്ഥിരനിക്ഷങ്ങളുടെ വിവരമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് പട്ടിക -1 മായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം 1-1-7 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 51551286 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44332297 |
| വരവിനങ്ങളിലുള്ള നഷ്ടം | 3561 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1547082 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 136641 | ശ്രീമതി.സന്ധ്യമോൾ കെ.ബി., മെഡിക്കൽ ഓഫീസർ, ഗവ.ആയുർവേദ ഡിസ്പെൻസറി |
| 1-18 | 66936 | ശ്രീ.ബെഷി.വി.ജി, കൃഷി ഓഫിസർ |
| 1-22 | 66501 | ശ്രീ.സന്തോഷ് കെ.ടി., സെക്രട്ടറി, ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-23 | 287004 | ശ്രീ.സന്തോഷ് കെ.ടി., സെക്രട്ടറി, ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് |
| 1-25 | 24000 | ശ്രീമതി സജിത എൻ, ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.സ്കൂൾ, കാഞ്ഞിരമറ്റം |

| | | |
|---|---|---|
| 1-28 | 966000 | ശ്രീമതി സജിത എൻ, ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.സ്കൂൾ, കാഞ്ഞിരമറ്റം |
| ആകെ | 1547082 | |

(സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസത്തിന്/നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സന്തോഷ് കെ.ടി., സെക്രട്ടറി | സെക്രട്ടറി, ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് | പ്രണവം, ജനതാറോഡ്, കച്ചേരിപ്പടി നോർത്ത്, നോർത്ത് പറവൂർ 683513 |
| ഡോ.സന്ധ്യാമോൾ കെ ബി, മെഡിക്കൽ ഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ(ആയുർവേദം) ഗവ.ആയുർവേദ ഡിസ്പെൻസറി, ആമ്പല്ലൂർ | വീട് നമ്പർ 23A, മിഹിക, ചെട്ടിപ്പറമ്പിൽ ലൈൻ, ചൂരക്കാട്, തൃപ്പൂണിത്തുറ, 682301 |
| സൗമ്യ.ജി അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനിയർ, ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത് | ഫ്ലാറ്റ് നമ്പർ-74 വീഗാലാന്റ് ബ്ലൂബെൽ, തൃക്കാക്കര |
| ശ്രീമതി സജിത എൻ. ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ് ഗവ.എൽ.പി.സ്കൂൾ, കാഞ്ഞിരമറ്റം | മറ്റത്തിൽ വീട്, ബ്രഹ്മമംഗലം |
| ശ്രീ ബെഷി.പി.ജി കൃഷി ഓഫിസർ | കൃഷി ഓഫിസർ കൃഷിഭവൻ, പാറക്കടവ് | വിരുതൻകണ്ടത്തിൽ വീട് കോടനാട്.പി.ഒ കുറിച്ചിലക്കോട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | KSA-EKM(P6)1677(i)/22 /12.12.22 |
| 2002-2003 | P4 638/04, 05.02.05 |
| 2003-2004 | P6 1262/09, 16.11.10/05.03.11 |
| 2006-2007 | P6 1265/10, 27.11.10 |
| 2007-2008 | KSA-EKM(P6)1677(ii)/22/12.12.22 |
| 2009-2010 | KSA-EKM(P6)1677(iii)/22/12.12.22 |
| 2010-2011 2011-2012 | KSA-EKM(P6)1677(iv)/22/12.12.22 |
| 2012-2013 | KSA-EKM(P6)1677(v)/22/12.12.22 |
| 2013-2014, 2014-2015 | KSA-EKM(P6)1677(vi)/22/12.12.22 |
| 2015-2016 | KSA-EKM(P6)1677(vii)/22/12.12.22 |
| 2016-2017 | KSA-EKM(P6)1677(viii)/22/12.12.22 |
| 2017-2018 | KSA-EKM(P6)1677(ix)/22/12.12.22 |
| 2018-2019 | KSA-EKM(P6)1677(x)/22/12.12.22 |
| 2019-2020 | KSA-EKM(P6) 1149/2021, 12.11.21 |
| 2020-2021 | KSA-EKM(P6) 1150/2021, 12.11.21 |
| 2021-2022 | KSA-EKM(P6) 1731/2022, 2.12.22 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 5 dated 30-06-2023 and submitted on 03-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Amballur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Amballur Grama Panchayat for the year 2022-2023

Date: 10/10/2023

Deputy Director
District Office Ernakulam
Kerala State Audit Department

## Audit Report appended to the Audit Certificate of Amballur Grama Panchayat for the Year 2022-2023.

### 1.Major Observations

1) The following mandatory financial statements prescribed in accounting rules are not submitted for audit. Ratios and Notes on Accounts.

2) Cash Flow statement -Net increase/decrease in cash flow does not match withdifference between opening balance and closing balance of cash and cash equivalents.

### 2.Other Observations

1) For the financial year 2022-23 of the Gram Panchayath, the water charge arrear amount of Rs.10138802/- have been made available from the water authority vide bill no.72315 dated 10.03.2023 .But the said amount is not included in the annual financial statement as arrear.

2) An account has been opened in the financial year 2022-23 in the Gram Panchayat as per the instructions of the Government to receive donations from the public for the Athidaridryam micro Plan, but the information regarding the said Account has not been included in the annual financial statement. (Account No. 110045310881 Canara SB General Rs.5052)

3) Rs 36,76,625/- is shown as the balance amount in SBI LIFE State Share Bank Account (38068991263) in RP-40 (b) of the Annual Financial Statement for the financial year 2022-23. Rs 3035372 has also been shown in B-4 Schedule in the balance Sheet of the same Annual Financial Statement . Rs.641253/-being the difference is

not explained.

4) In the financial year 2022-23, Rs.93,50,000/- has been given to Kerala water authority for deposit works. But the said amount has not been booked in the head code, Advance to implementing Agencies in RP-49 (payments) schedule in the AFS.

5) Rs.3868156 have been included in Investment General Fund (420800101) schedule as fixed deposit balance amount. But the amount of fixed deposit as per the fixed deposit receipt produced by the institution is as follows.

| Investment details | amount |
|---|---|
| FD No.8686/16 | 658615.00 |
| FD No.15720/11 | 499270.00 |
| FD No.670403030001041 | 2243277.00 |
| FD No.0143018801200031 | 533876.00 |
| Total | 3935038.00 |

A difference of Rs.66882/- (3935038.00- 3868156.00=66882)is there. It should be explained.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്